(എ) അസിസ്റ്റന്റ് സി. എ. പാരിറ്റി നിലനിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടേറിയറ്റിലെ എല്ലാം സർവീസ് സംഘടനകളാണ് സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു.

(സി) ഓഫീസ് സൂപ്രണ്ട് തസ്തിക 5:1 എന്ന റേഷ്യോയിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ താഴെപറയുന്ന സർവീസ് സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

1. കേരള സെക്രട്ടേറിയറ്റ് എൻ. ജി. ഒ. അസ്സോസിയേഷൻ.
2. സെക്രട്ടേറിയറ്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് അസ്സോസിയേഷൻ.
3. സെക്രട്ടേറിയറ്റ് സ്റ്റാഫ് അസ്സോസിയേഷൻ.
4. സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ.

(ബി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) ഈ ആവശ്യം ഗവൺമെന്റ് പരിഗണിച്ചു. സെക്രട്ടേറിയറ്റിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളുടെ മൂന്നിൽ ഒന്നിൽനിന്നും, ഓഫീസ് സൂപ്രണ്ട് തസ്തികകൾ ഒഴിച്ചുള്ളവ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുകളുടെ തസ്തികകളാക്കി ഉയർത്തിക്കൊണ്ട് 30-10-1986-ലെ ജി. ഒ. (എം. എസ്.) 422/86/ജി. എ. ഡി. നമ്പരിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെയും ഓഫീസ് സൂപ്രണ്ടിന്റെയും ശമ്പള സ്കെയിലുകൾ തുല്യമാണ്. പ്രസ്തുത ആനുകൂല്യം അനുവദിച്ച സാഹചര്യത്തിൽ ഈ ആവശ്യം പരിഗണന അർഹിക്കുന്നില്ല.

താൽക്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർ

1457. [2197] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി അരുമോ :

(എ) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിതരായവർ സർവ്വീസിൽ തുടരുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ,ബി,സി) അങ്ങനെ തുടരുന്നതായി അറിവില്ല. എന്നാൽ പി. എസ്. സി. ലിസ്റ്റ് നിലവിലിരിക്കെ താൽക്കാലിക ജീവനക്കാർ സർവ്വീസിൽ തുടരുന്നുണ്ടെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റു എക്സ്ചേഞ്ചുകൾവഴി നിയമിക്കപ്പെട്ടിട്ടുള്ള താൽക്കാലിക ജീവനക്കാരെ നിയമന കാലാവധിയായ 180 ദിവസം തികയുന്ന മുറയ്ക്കോ അല്ലെങ്കിൽ പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന മുറയ്ക്കോ പിരിച്ചുവിടണമെന്നും റാങ്ക്ലിസ്റ്റ് നിലവിലുള്ള പക്ഷം ഇവരിൽ നിന്നല്ലാതെ നിയമനം നടത്തരുതെന്നും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനു മുൻപായി പി. എസ്. സി.യിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും ബന്ധപ്പെട്ട തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ലെന്ന് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്നും എല്ലാ നിയമനാധികാരികൾക്കും വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർ

1458. [2198] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് പ്രൊമോഷൻ സാദ്ധ്യതകളുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(സി) ഈ വിഭാഗം ജീവനക്കാരിലെ വികലാംഗരായവർക്ക് എന്തെങ്കിലും പ്രത്യേക പരിഗണനയുമുണ്ടോ ;

(ഡി) 16-8-1986-ൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുമൂലം ഈ വിഭാഗം ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ കുറവു വരുമെന്നും, പലരും പിരിഞ്ഞു പോകേണ്ടിവരുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂൾസിൽ റൂൾ 1-ലെ കാറ്റഗറി 4-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ തസ്തികകൾ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നായി നീക്കി വച്ചിട്ടുള്ളവയാകുന്നു. ജില്ലാടിസ്ഥാനത്തിൽ ജില്ലാകളക്ടർമാർ തയ്യാറാക്കി സൂക്ഷിക്കുന്ന പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്നായിരിക്കും മ്യൂസിയം ആൻറ് സൂ മൃഗസംരക്ഷണം എന്നീ വകുപ്പുകളൊഴികെ മറ്റു വകുപ്പുകളിലെ കാറ്റഗറി 4-ൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നത്.

(സി) ഇല്ല.

(ഡി) 16-8-86-ലെ ജി. ഒ. (പി) 550/86/ഫിൻ. ഉത്തരവുപ്രകാരം പാർട്ട്ടൈംകാരെ വൃത്തിയാക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം നിജപ്പെടുത്തിയപ്പോൾ 200 ചതുരശ്ര മീറ്ററിനും 400 ചതുരശ്ര മീറ്ററിനും ഇടയിൽ വിസ്തീർണ്ണമുള്ള ഓഫീസുകളിലെ പാർട്ട്ടൈം തൂപ്പുകാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ശമ്പളത്തിൽ കുറവു വരുന്നു എന്നു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഉത്തരവുമൂലം ആരും സർവ്വീസിൽ നിന്നും പിരിഞ്ഞുപോകേണ്ടി വരില്ല.

(ഇ) ചില സർവ്വീസ് സംഘടനകളിൽ നിന്ന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. 16-8-86-നു മുൻപു കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളത്തിൽ ആർക്കും കുറവു വരാത്തവിധത്തിൽ ഗവൺമെന്റ് പുതിയ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly